## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5697** **16-03-2023 - ൽ മറുപടിയ്ക്ക്**

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിന് ചെലവാക്കിയ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പുതിയതായി എത്ര സ്കൂളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഒരു സ്കൂളിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കാമോ; പദ്ധതിയിൽ പങ്കാളിയാകുന്ന സ്കൂൾ പി.ടി.എ.കൾ ഇതിനായി പണം ചെലവഴിക്കേണ്ടതുണ്ടോ; | (എ) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. എസ്.പി.സി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സാമ്പത്തിക വർഷം ഒരു സ്കൂളിനു മിനിമം 4 ലക്ഷം രൂപയോളം ആവശ്യമാണ്. ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നിലവിൽ നടത്തി വരുന്നത്. ചില സ്കൂളുകളിൽ പി.ടി.എ.യുടെ സഹകരണത്തോടെ വളരെ മികച്ച രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വിശദമാക്കാമോ; | (ബി) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഇതുവരെ 122,59,80,000/-(നൂറ്റി ഇരുപത്തിരണ്ട് കോടി അമ്പത്തി ഒൻപതു ലക്ഷത്തി എൺപതിനായിരം) രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.പി.സി. പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഇതുവരെ ചെലവഴിച്ച ആകെ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>Sl No. Financial Year Plan Fund (Rs)<br><br>01 2010 - 11 70,00,000<br><br>02 2011 - 12 59,80,000<br><br>03 2012 - 13 2,20,00,000<br><br>04 2013 - 14 6,00,00,000<br><br>05 2014 - 15 6,00,00,000<br><br>06 2015 - 16 10,00,00,000<br><br>07 2016 – 17 10,70,00,000<br><br>08 2017 – 18 9,00,00,000 |

| | | | |
|---|---|---|---|
| | | | 09 2018 – 19 15,00,00,000<br><br>10 2019 - 20 16,00,00,000<br><br>11 2020 - 21 15,40,00,000<br><br>12 2021 - 22 16,00,00,000<br><br>13 2022 - 23 15,00,00,000<br><br>**Total 122,59,80,000/-** |
| (സി) | ഇപ്പോൾ എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്? | (സി) | നിലവിൽ 1001 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ